ചീഫ് മിനിസ്റ്റർമാരുടേയും ക്ഷേമമന്ത്രിമാരുടേയും കാൺഫറൻസ്

*ന ൨൨. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പ്രോവിൻസുകളിലേയും സംസ്ഥാനങ്ങളിലേയും ചീഫ് മിനിസ്റ്റർമാരുടേയും ക്ഷേമവകുപ്പു മന്ത്രിമാരുടേയും ഒരു കാൺഫറൻസ് ഈ ൪൦ ആഗസ്റ്റ് മാസം നൂഡൽഹിയിൽവച്ചു കൂടിയതായി തിരുവിതാംകൂർ-കൊച്ചി ചീഫ് മിനിസ്റ്റർ അറിയാമോ;

(ബി) അതിൽ തിരുവിതാംകൂർ-കൊച്ചി ചീഫ് മിനിസ്റ്റർ സംബന്ധിച്ചോ;

(സി) ആ കാൺഫറൻസു് നടന്ന തീയതികളിൽ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ എവിടെയായിരുന്നു;

(ഡി) ആ കാൺഫറൻസു് എന്തിനായിരുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അറിയാം.

(ബി) ഇല്ല.

(സി) ഇവിടത്തന്നെ ഉണ്ടായിരുന്നു.

(ഡി) ക്ഷേമൈധാന്യ സംഭരണം വർദ്ധിപ്പിക്കുന്നതിനും, വിലക്കയറ്റത്തേയും പൂഴ്ത്തിവയ്പിനേയും തടയുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനും ഒരുമിച്ചലെൻഡ്യാനയം സ്വീകരിക്കുന്നതിനുംവേണ്ടിയാണു് കാൺഫ്രൻസു് കൂടിയിരുന്നതു്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: നെയ്യാറിങ്കര തെരഞ്ഞെടുപ്പിനു മുമ്പദിവസം മൻപായിരുന്നോ ഈ കാൺഫ്രൻസു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ തീയതിയും തിരഞ്ഞെടുപ്പിന്റെ തീയതിയും അറിയാവുന്നവക്കു അറിയാം.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ഈ ദിവസങ്ങളിൽ പാർട്ടി സഖാക്കളോടുകൂടി പ്രധാനമന്ത്രി നെയ്യാറിങ്കര പ്രസംഗിക്കാൻ പോയിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: പോയിരുന്നിരിക്കാം.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ക്ഷേമസംഭരണകാൺഫ്രൻസിനേക്കാൾ ഉപതെരഞ്ഞെടുപ്പ് പ്രാധാന്യമുള്ളതാണെന്നു വിചാരിച്ചതുകൊണ്ടാണോ, കാൺഫ്രൻസിനു പോകാതിരുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. വേറെ ചില ജോലികൾ ഉണ്ടായിരുന്നു. കാൺഫ്രൻസിൽ സംബന്ധിക്കുന്നതിനു് ഡൽഹിയിലുണ്ടായിരുന്ന ക്ഷേമവകുപ്പുമന്ത്രിയെ മുമതലപ്പെടുത്തിയിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മറ്റു സ്ഥലങ്ങളിലെ ചീഫ് മിനിസ്റ്റർമാർ കാൺഫ്രൻസിൽ സംബന്ധിച്ചിരുന്നു എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്ഥലങ്ങളിലെ ചീഫ് മിനിസ്റ്റർമാർ കാൺഫ്രൻസിൽ സംബന്ധിച്ചിരുന്നില്ല.

ദേവസ്വംബിൽ

*ന ൨൩. (൫) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ—കൊച്ചി ദേവസ്വം ബില്ലി (Hindu Religious Endowment Bill) നെ സംബന്ധിച്ചു് ഹിന്തുക്കളുടെ ഭൂരിപക്ഷാഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

എന്താണെന്നറിയുന്നതിനു് ഗവണ്മെണ്ടു് തുനിയാതിരുന്നതു എന്തുകൊണ്ടാണെന്നു് പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ബിൽ പരസ്യപ്പെടുത്തുകയും സഭയിൽ സുദീർഘമായി ചർച്ചചെയ്യുകയും 8 0 0 ഓളം ഭേദഗതികളും പഴ്വാലോചിക്കുകയും ദേവസ്വം ബോർഡുകളുമായി ആലോചിക്കുകയും ചെയ്തു. നിയമസഭയിൽ ഉണ്ടായിരുന്ന ഹിന്തുമെമ്പറന്മാരിൽ ഭൂരിഭാഗവും ടി ബില്ലിനു അനുകൂലമായി വോട്ട ചെയ്തുകയുണ്ടായി.

ശ്രീ കണ്ണാറഗോപാലപ്പണിക്കർ: ഹിന്തുക്കളുടെ ഭൂരിപക്ഷാഭിപ്രായം എന്താണെന്നു് ഗവണ്മെണ്ടു് അറിഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുള്ള മാർഗ്ഗങ്ങളാണു് മുകളിൽ പറഞ്ഞിട്ടുള്ളതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗസറ്റിൽ പരസ്യപ്പെടുത്തുകയല്ലാതെ മറെറന്തെങ്കിലും ചെയ്തിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ ബിൽ പരസ്യപ്പെടുത്തിയാൽ, ആക്കെങ്കിലും അതിനെക്കുറിച്ചു ആക്ഷേപമുണ്ടെങ്കിൽ ഗവണ്മെണ്ടിനെ അറിയിക്കുകയാണു് പതിവു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇൻഡ്യൻ പാർലിമെൻറിൽ ഹിന്തു കോഡ് ബിൽ അവതരിപ്പിച്ചതു് ഏതു വിധത്തിലാണെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ചില ഭേദഗതികളോടുകൂടി അവതരിപ്പിക്കാൻ പോകുന്നു എന്നറിയാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചില ഭേദഗതികളോടുകൂടി വീണ്ടും ആ ബിൽ അവതരിപ്പിക്കുന്നതിനുണ്ടായ കാരണം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അസംബ്ലിയിൽ ആദ്യം അവതരിപ്പിക്കപ്പെട്ടപ്പോൾ അങ്ങനെയൊരു മോഷൻ വരികയും അതനുസരിച്ചു ചെയ്യുകയും ചെയ്തിട്ടുള്ളതായി അറിയാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇതുസംബന്ധിച്ചുള്ള ഹിന്തുക്കളുടെ അഭിപ്രായം അറിയണമെന്നു ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. പി. കെ. ഡീവർ: ദേവസ്വം ബോർഡുമെംബറന്മാർ ആവശ്യപ്പെട്ട ഭേദഗതികളും ഈ ബിൽ പരസ്യപ്പെടുത്തുന്നതിനു മുൻപു് ആദ്യം തയാറാക്കിയ ബില്ലിൽ വരുത്തിയിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവിതാംകൂറിലെയും കൊച്ചിയിലെയും അംഗങ്ങളെ ക്ഷണിച്ചുവരുത്തുകയും, അങ്ങനെ ക്ഷണിച്ചുവരുത്തുന്നതിനു് മുൻപുതന്നെ ബില്ലിൻെറ കരടു അവർക്കു് അയച്ചുകൊടുക്കുകയും, അവരുടെ ഭേദഗതികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പി. കെ. ഡീവർ: അവർചെയ്ത നിർദ്ദേശങ്ങൾ എതെങ്കിലും നിരാകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിരാകരിച്ചിട്ടുള്ളതായി എനിക്കറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ദേവസ്വംഭരണത്തിനു് ഒരു പൊതുനിയമം ഉണ്ടായിരിക്കണമെന്നുള്ള കാര്യം ഗവണ്മെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടിയിട്ടില്ലേ?

(ഉത്തരമില്ല)

LIBRARY ARCHIVES Kerala Legislative Assembly